അങ്ങയെയും, നാട്ടുകാരെയും അവഹേളിക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ സ്പെസിഫിക്കായിട്ടുള്ള instances പരിശോധിക്കുകയും, അങ്ങയുടെ റൂളിംഗ് ഉണ്ടാകുകയും വേണം.

വനവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കാലതാമസം വരാൻ പാടില്ലയെന്നുള്ളത് തന്നെയാണ് ശരിയായ വസ്തുത. ക്ഷമിക്കാൻ പറ്റാത്ത കാലതാമസമൊന്നും വന്നിട്ടില്ല.

X. റൂളിംഗ്

കടലാസുകൾ മേശപ്പുറത്ത് വെയ്ക്കുന്നതിലുള്ള കാലതാമസം

മി. സ്പീക്കർ: ഇത് പല പ്രാവശ്യം സഭയുടെ ശ്രദ്ധയിൽ പെട്ടിട്ടുള്ള ഒരു സംഭവമാണ്. എന്റെ മുൻഗാമികളും ഇതിനെ സംബന്ധിച്ച് അതാത് കാലത്തുതന്നെ വളരെ വ്യക്തമായ റൂളിംഗ് നൽകിയിട്ടുണ്ട്. ഇപ്പോൾ ഇവിടെ ഹാജരാക്കിയിട്ടുള്ള രേഖകളിൽ നിന്നു തന്നെ വളരെ ന്യായമല്ലാത്ത inordinate delay എന്നു വളരെ വ്യക്തമായി പറയാവുന്ന കാലതാമസമുള്ളതായിട്ട് കാണുന്നു. ആ കാലതാമസത്തിനെ ന്യായീകരിക്കാനുള്ള ഒരു ശ്രമം പോലും ബന്ധപ്പെട്ടവർ നടത്തിയിട്ടില്ലായെന്നത് വളരെ ഖേദകരമാണ്. ഇക്കാര്യത്തിൽ ചെയറിനുള്ള കടുത്ത അതൃപ്തി രേഖപ്പെടുത്തുകയാണ്. എല്ലാ പ്രാവശ്യവും ശ്രദ്ധയിൽ പെടുത്തുകയും, ചെയർ പറയുകയും ചെയ്തിട്ടും വീണ്ടും ആവർത്തിക്കുന്നത് നിയമസഭയുടെ അന്തസ്സിനു യോജിച്ചതല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ബാദ്ധ്യസ്ഥരായ ആളുകൾ വളരെ ഗൗരവതരമായി ഇക്കാര്യം കണക്കിലെടുക്കുമെന്നും മേലിൽ ആവർത്തിക്കാതിരിക്കാൻ വേണ്ട ശ്രദ്ധചെലുത്തുമെന്നും പ്രത്യാശിക്കുന്നു.

XI. മാനസികരോഗാശുപത്രിയെക്കുറിച്ചുള്ള റിപ്പോർട്ട്

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. വളരെ പ്രധാനപ്പെട്ടതും മാനുഷികവുമായ കാര്യമായതുകൊണ്ടാണ് പറയുന്നത്. ആരേയും കുറ്റപ്പെടുത്താനല്ല. നമ്മുടെ സഭയുടെ ആദ്യ സമ്മേളനം തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു. പല കാരണങ്ങളാലും അതിന്റെ റിപ്പോർട്ട് താമസിച്ചു. ശ്രീ. വി. എം. സുധീരൻ വന്നതിനു ശേഷം രണ്ടു തവണ കൂടിയിട്ടുണ്ട്. ഒരു ഇൻറിം റിപ്പോർട്ട് നേരത്തെ കൊടുത്തിരുന്നതിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ വയ്ക്കുകയും ചെയ്തു. ഇനി കുറച്ചു ദിവസമല്ലേയുള്ളൂ ഈ സഭയുടെ ആയുസ്. അതിനകം ഒരു ഫൈനൽ റിപ്പോർട്ടു സഭയിൽ വയ്ക്കുന്നതിനും ആ കാര്യത്തിൽ നമ്മൾ നീതി ചെയ്തുവെന്നു വരുത്തുന്നതിനുമുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് അപേക്ഷിക്കാനാണ് ഇങ്ങനെയൊരു പോയിന്റ് ഓഫ് ഓർഡർ റെയ്സ് ചെയ്തത്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ഇങ്ങനെയൊരു പോയിന്റ് ഓഫ് ഓർഡർ റെയ്സ് ചെയ്യേണ്ട പ്രശ്നമേ ഉണ്ടായിരുന്നില്ല. ഈ കാര്യത്തിനുവേണ്ടി അദ്ദേഹം അങ്ങയുടെ

LIBRARY ARCHIVES Kerala Legislative Assembly